**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925** **05-07-2022 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ ഗോകുൽ മിഷനിൽ ഉൾപ്പെട്ട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര വികസനത്തിനായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ എത്ര പദ്ധതികൾ സംസ്ഥാനത്ത് നിലവിലുണ്ട് എന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് അറിയിക്കുമോ; സമയബന്ധിതമായി അപേക്ഷ പരിഗണിയ്ക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ? | (എ) | നാടൻ കന്നുകാലി ജനസ്സുകളുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി കേന്ദ്ര സർക്കാർ തുടക്കം കുറിച്ച ഒരു പദ്ധതിയാണ് “രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി". കൃത്രിമ ബീജാധാന ശൃംഖലയുടെ വിപുലീകരണം, നിലവിലുള്ള ബീജാധാന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക, കൃത്രിമ ബീജാധാന പദ്ധതിയുടെ മോണിറ്ററിംഗ്, കന്നുകാലികളുടെ വികസനവും സംരക്ഷണവും, മനുഷ്യശേഷി വികസനം, ദ്രവ നൈട്രജന്റെ വിതരണ ശൃംഖല സംവിധാനം ശക്തിപ്പെടുത്തുക, ഫീൽഡ് പെർഫോർമെൻസ് റെക്കോർഡിംഗ് പ്രോഗ്രാം നടപ്പിലാക്കുക, ഫെർട്ടിലിറ്റി ക്യാമ്പുകൾ സംഘടിപ്പിക്കുക, സെമൻ സ്റ്റേഷനുകൾ ശക്തിപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് “രാഷ്ട്രീയ ഗോകുൽ മിഷൻ” പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നത്. കൂടാതെ 2021 മുതൽ 5 വർഷക്കാലത്തേയ്ക്കായി തദ്ദേശീയ ജനുസുകളുടെയും ക്ഷീരമേഖലകളുടെയും വികസനത്തിനായി ഉദ്ദേശിച്ചുകൊണ്ട് രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിലൂടെ പശു/എരുമ വളർത്തൽ മേഖലയിൽ സ്വകാര്യ സംരംഭകരെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി ദേശീയ തലത്തിൽ “നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലൂടെ” (NDDB) യാണ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കർഷകരുടെ അപേക്ഷകൾ നേരിട്ട് NDDB (Anand, Gujarath) വഴിയാണ് സമർപ്പിക്കേണ്ടത്. പദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കാലതാമസം NDDB യുമായി ചർച്ച ചെയ്ത് വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ